## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 622** **11.12..2012 ലെ മറുപടിയ്ക്ക്**

**കാരുണ്യ ധനസഹായ പദ്ധതി**

**ചോദ്യം** **ഉത്തരം**

**ശ്രീ. വി.ഡി. സതീശൻ**
**ശ്രീ. ഡൊമനിക് പ്രസന്റേഷൻ**
**ശ്രീ. പി.എ. മാധവൻ**
**ശ്രീ. കെ. മുരളീധരൻ**

**ശ്രീ. കെ.എം. മാണി**
**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

| ക്രമ നമ്പർ | ചോദ്യം | മറുപടി |
|---|---|---|
| (എ) | കാരുണ്യ ധനസഹായ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ ; | (എ) കാരുണ്യ ബെനവലന്റ് ഫണ്ട് എന്ന പേരിൽ കേരളത്തിലെ ക്യാൻസർ, വൃക്കരോഗം, ഹൃദ്രോഗം, തലച്ചോർ, കരൾ എന്നിവയുടെ സർജറി, ഹീമോഫീലിയ എന്നീ രോഗങ്ങളുടെ ചികിൽസയ്ക്കും പാലിയേറ്റീവ് കെയറിനും ധനസഹായം നൽകുന്നതിന് വേണ്ടി ആവിഷ്കരിച്ചതാണ് ഈ ഫണ്ട്. |
| (ബി) | ഈ പദ്ധതി നടപ്പാക്കാനുള്ള തുക എങ്ങനെയാണ് സമാഹരിക്കുന്നത്; | (ബി) സംസ്ഥാന സർക്കാരിന്റെ പ്രതിവാര ലോട്ടറിയായ കാരുണ്യ ലോട്ടറിയുടെ വരുമാനമാണ് ഈ ചികിൽസാ ധനസഹായ പദ്ധതിക്കുവേണ്ടി ഉപയോഗിക്കുന്നത്. |
| (സി) | ഏതെല്ലാം വിഭാഗക്കാർക്കാണ് ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നത്; | (സി) ക്യാൻസർ, വൃക്കരോഗം, ഹൃദ്രോഗം, തലച്ചോർ, കരൾ എന്നിവയുടെ രോഗങ്ങളുമായി ബന്ധപ്പെട്ട ചികിത്സയ്ക്കും സർജറിക്കും ഹീമോഫീലിയ രോഗങ്ങളുടെ ചികിൽസയ്ക്കും പാലിയേറ്റീവ് കെയറിനുമാണ് ചികിത്സാ ധനസഹായം ലഭിക്കുന്നത്. പരമാവധി മൂന്ന് ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബത്തിലെ രോഗികൾക്ക് പരമാവധി രണ്ടു ലക്ഷം രൂപയാണ് ധനസഹായം അനുവദിക്കുന്നത്. |
| (ഡി) | ഏതെല്ലാം ആശുപത്രികളിൽ നിന്നാണ് ചികിത്സാ സൗകര്യം ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ഡി) നിലവിൽ എല്ലാ സർക്കാർ ആശുപത്രികളിലും സഹകരണ മെഡിക്കൽ കോളേജ് ആശുപത്രികളിലും ചികിൽസ തേടുന്നവർക്ക് ധനസഹായം ലഭിക്കുന്നതാണ്. കൂടാതെ ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം മലബാർ ക്യാൻസർ സെന്റർ എന്നിവിടങ്ങളിൽ ചികിൽസ തേടുന്നവർക്കും ധനസഹായം ലഭിക്കുന്നതാണ്. നടപടി ക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് സർക്കാർ ചികിൽസാ പാക്കേജ് അംഗീകരിച്ച് ചികിത്സ നടത്താൻ തയ്യാറുള്ള സർക്കാരിതര അക്രെഡിറ്റഡ് ആശുപത്രികളിലും ചികിൽസ തേടുന്നവർക്ക് ചികിൽസാ ധനസഹായം ലഭ്യമാകുന്നതാണ്. |
| (ഇ) | ഈ പദ്ധതിയനുസരിച്ച് എത്ര ധനസഹായം ഇതുവരെ നൽകിയിട്ടുണ്ടെന്നറിയിക്കുമോ? | (ഇ) 56.14 കോടി രൂപ ഇതേവരെ ചികിൽസാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.